# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2235** **18-03-2015-ലെ മറുപടിയ്ക്ക്**

## ലോട്ടറി ടിക്കറ്റുകൾ

**ചോദ്യം**

**ശ്രീ. കെ. അജിത് :**

**മറുപടി**

**ശ്രീ. കെ.എം. മാണി**
**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

എ) സംസ്ഥാന ലോട്ടറി വകുപ്പ് വഴി ഇപ്പോൾ അച്ചടിച്ചു വിതരണം ചെയ്തു വരുന്ന ലോട്ടറി ടിക്കറ്റുകൾ ഏതൊക്കെയെന്നും ഇപ്പോൾ പ്രസ്തുത ടിക്കറ്റുകളുടെ നറുക്കെടുപ്പ് ദിവസവും ടിക്കറ്റിന്റെ മുഖവിലയും വെളിപ്പെടുത്തുമോ;

എ) ലോട്ടറി വകുപ്പ് ആഴ്ചയിൽ 7 പ്രതിവാര ഭാഗ്യക്കുറികളും വർഷത്തിൽ 6 ബമ്പർ ഭാഗ്യക്കുറികളുമാണ് നിലവിൽ നടത്തുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഭാഗ്യക്കുറിയുടെ പേര് | നറുക്കെടുപ്പ് ദിവസം | ടിക്കറ്റിന്റെ മുഖവില |
|---|---|---|
| പൗർണ്ണമി | ഞായർ | 30 |
| വിൻ വിൻ | തിങ്കൾ | 30 |
| ധനശ്രീ | ചൊവ്വ | 40 |
| അക്ഷയ | ബുധൻ | 30 |
| കാരുണ്യ പ്ലസ് | വ്യാഴം | 50 |
| ഭാഗ്യനിധി | വെള്ളി | 30 |
| കാരുണ്യ | ശനി | 50 |

തിരുവോണം ബമ്പർ, പൂജാ ബമ്പർ, ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ, സമ്മർ ബമ്പർ, വിഷു ബമ്പർ, മൺസൂൺ ബമ്പർ എന്നിവയാണ് നിലവിൽ നടത്തിവരുന്ന ബമ്പർ ഭാഗ്യക്കുറികൾ. ഇതിൽ തിരുവോണം ബമ്പറിന്റെ മുഖവില 200/- രൂപയായും മറ്റ് ബമ്പർ ലോട്ടറികളുടെ മുഖവില 100/- രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്.

**ബി)** ഇപ്പോൾ ടിക്കറ്റുകൾക്ക് ഈടാക്കുന്ന വില എന്നു മുതൽ നിലവിൽ വന്നതാണെന്നും ഓരോ വിഭാഗവും നേടിത്തരുന്ന ലാഭം എത്രയെന്നും 2013-14 വർഷം എത്ര ടിക്കറ്റുകളിൽ നിന്ന് എത്ര കോടി രൂപയാണ് ലാഭം ഉണ്ടാക്കിയതെന്നും വെളിപ്പെടുത്തുമോ ;

**ബി)** ഇപ്പോൾ ഭാഗ്യക്കുറി ടിക്കറ്റുകൾക്ക് ഈടാക്കുന്ന വില, നിലവിൽ വന്ന തീയതി എന്നിവ ചുവടെ ചേർക്കുന്നു.

| ഭാഗ്യക്കുറിയുടെ പേര് | മുഖവില | നിലവിൽ വന്ന തീയതി |
|---|---|---|
| പൗർണ്ണമി | 30 | 2014 മാർച്ച് മാസം മുതൽ |
| വിൻവിൻ | 30 | |
| അക്ഷയ | 30 | |
| ഭാഗ്യനിധി | 30 | |
| ധനശ്രീ | 40 | 01.11.2011 |
| കാരുണ്യ | 50 | 24.09.2011 |
| കാരുണ്യ പ്ലസ് | 50 | 03.04.2014 |

പ്രിന്റ് ചെയ്ത ടിക്കറ്റുകൾ മുഴുവനും വിറ്റഴിയുന്നതിന്റെ അടിസ്ഥാനത്തിൽ ഓരോ ലോട്ടറിയിൽ നിന്നും ലഭിക്കുന്ന ഏകദേശ ലാഭം ചുവടെ ചേർക്കുന്നു. സമ്മാന ടിക്കറ്റുകൾ ഹാജരാക്കുന്നതിന് അനുസൃതമായി ലാഭത്തിൽ വ്യത്യാസം ഉണ്ടാകുന്നതാണ്.

| ദിവസം | ലോട്ടറിയുടെ പേര് | ഒരു നറുക്കെടുപ്പിൽ നിന്നു ലഭിക്കുന്ന ലാഭം (ഏകദേശം) |
|---|---|---|
| ഞായർ | പൗർണ്ണമി | 2.83 കോടി |
| തിങ്കൾ | വിൻവിൻ | 2.72 കോടി |
| ചൊവ്വ | ധനശ്രീ | 1.84 കോടി |
| ബുധൻ | അക്ഷയ | 2.76 കോടി |
| വ്യാഴം | കാരുണ്യ പ്ലസ് | 3.07 കോടി |
| വെള്ളി | ഭാഗ്യനിധി | 2.65 കോടി |
| ശനി | കാരുണ്യ | 3.23 കോടി |

2013-14 സാമ്പത്തിക വർഷം ബമ്പർ ഭാഗ്യക്കുറികൾ ഉൾപ്പെടെ ആകെ 131,22,70,005 ടിക്കറ്റുകൾ വിൽക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം ഭാഗ്യക്കുറിയിൽനിന്നു ലഭിച്ച ലാഭം 788.42 കോടി രൂപയാണ്.

| | |
|---|---|
| **സി)** സംസ്ഥാന ലോട്ടറി വകുപ്പ് വഴി വിതരണം ചെയ്യുന്ന ടിക്കറ്റുകൾക്ക് വില വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും എങ്കിൽ എത്ര രൂപ വീതം വില വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇത് എപ്പോൾ മുതൽ നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ? | **സി)** ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ.**